പതിനാലാം കേരള നിയമസഭ
പതിമൂന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 3150 10.12.2018-ൽ മറുപടിക്ക്

## ബ്രിഡ്ജസിനും മെയിന്റനൻസിനും വേണ്ടി സൃഷ്ടിച്ച തസ്തികകൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.വി. അബ്ദുറഹിമാൻ | ശ്രീ.ജി.സുധാകരൻ<br>(പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) |
| (എ) പൊതുമരാമത്ത് വകുപ്പിൽ ബ്രിഡ്ജസിനും മെയിന്റനൻസിനും വേണ്ടി ചീഫ് എഞ്ചിനിയർ ഉൾപ്പെടെ 221 സാങ്കേതിക വിഭാഗം തസ്തികകൾ സൃഷ്ടിച്ചുകൊണ്ട് പുതിയ വിഭാഗമായി രൂപീകരിക്കപ്പെട്ടത് നിലവിൽ വന്നിട്ടുണ്ടോ; വിശദാംശം അറിയിക്കുമോ? | (എ) പൊതുമരാമത്ത് വകുപ്പിൽ ബ്രിഡ്ജസിനും മെയിന്റനൻസിനും വേണ്ടി ചീഫ് എഞ്ചിനിയർ ഉൾപ്പെടെ രൂപീകരിച്ചിട്ടുള്ള വിഭാഗങ്ങൾ നിലവിൽ വന്നിട്ടുണ്ട്. വകുപ്പിൽ പുതുതായി സൃഷ്ടിച്ച 221 സാങ്കേതിക വിഭാഗം തസ്തികകളിൽ ബ്രിഡ്ജ്സ് വിഭാഗത്തിന് ഒരു ചീഫ് എഞ്ചിനീയർ, 3 സൂപ്രണ്ടിംഗ് എഞ്ചിനീയർ, 10 എക്സിക്യൂട്ടീവ് എഞ്ചിനീയർ, 12 അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ,15 അസിസ്റ്റന്റ് എഞ്ചിനീയർ എന്നിങ്ങനെയും, നിരത്തു പരിപാലന വിഭാഗത്തിന് 8 എക്സിക്യൂട്ടീവ് എഞ്ചിനീയർ, 16 അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, 58 അസിസ്റ്റന്റ് എഞ്ചിനീയർ എന്നിങ്ങനെയും ഉദ്യോഗസ്ഥരെ വിന്യസിച്ചിട്ടുണ്ട്. |
| (ബി) മേൽ സൂചിപ്പിച്ച വിഭാഗങ്ങളുടെ സാങ്കേതിക തസ്തികകളോടൊപ്പം ആനുപാതികമായ മിനിസ്റ്റീരിയൽ തസ്തികകളും സൃഷ്ടിക്കുന്നതിന് നടപടി സ്വീകരിക്കുമോ എന്നറിയിക്കാമോ? | (ബി) മിനിസ്റ്റീരിയൽ തസ്തികകൾ സൃഷ്ടിക്കുന്നതിനുവേണ്ടി പൊതുമരാമത്ത് വകുപ്പ് ഭരണ വിഭാഗം ചീഫ് എഞ്ചിനീയർ സമർപ്പിച്ചിട്ടുള്ള ശിപാർശ പരിശോധിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ